George Cardinal Alencherry
Major Archbishop
Syro-Malabar Church

Prot. No. 0364/2022 08.04.2022

# അറിയിപ്പ്

എറണാകുളം അങ്കമാലി അതിരൂപതയിൽ വിശുദ്ധ കുർബാനയുടെ ഏകീകൃത രൂപം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഏപ്രിൽ 6, 7 തീയതികളിൽ ഓൺ ലൈനായി സമ്മേളിച്ച പ്രത്യേക സിനഡിന്റ തീരുമാനമനുസരിച്ച് അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ് എന്ന നിലയിൽ ഞാനും അതിരൂപതയ്ക്കു വേണ്ടിയുള്ള മേജർ ആർച്ച്ബിഷപ്പിന്റെ വികാരി ആർച്ച്ബിഷപ് ആന്റണി കരിയിൽ പിതാവും സംയുക്തമായി പുറപ്പെടുവിച്ച സർക്കുലറിലെ (5/2022) തീരുമാനങ്ങൾ അതിരൂപതയിൽ നിയമപരമായി നിലനിൽക്കുന്നതാണ്. ഇതു സംബന്ധിച്ച് ഉണ്ടായിട്ടുള്ള തെറ്റിദ്ധാരണകൾ നീക്കുന്നതിനാണ് ഈ അറിയിപ്പു നൽകുന്നത്.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2022 മാർച്ച് 25-ന് അതിരൂപതയ്ക്കു നൽകിയ കത്തിന്റെ അടിസ്ഥാനത്തിലും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം ആർച്ച്ബിഷപ് ആന്റണി കരിയിൽ പിതാവിന് നൽകിയ കത്തിൽ (Prot. No. 463/2022, dated 1.4.2022: "The Major Archbishop will undoubtedly want to send out a circular in the light of the Papal Letter of 25 March 2022, which should be considered the final decision on the matter.") വ്യക്തമാക്കിയിരിക്കുന്ന വസ്തുത കളുടെ അടിസ്ഥാനത്തിലും ഈ വിഷയത്തിൽ അന്തിമ തീരുമാനമെടുക്കാനുള്ള അധികാരം മേജർ ആർച്ച്ബിഷപ്പിൽ നിക്ഷിപ്തമാണ്. അതിനാൽ 7.4.2022-ന് നൽകപ്പെട്ടിരിക്കുന്ന സർക്കുലറിലെ തീരുമാനങ്ങൾ അനുസരിക്കാൻ എറണാകുളം അങ്കമാലി അതിരൂപതയിലെ എല്ലാവരും നിയമപരമായി കടപ്പെട്ടവരാണ് എന്ന് ഇതിനാൽ അറിയിക്കുന്നു.

MAR GEORGE ALENCHERRY MAJOR ARCHBISHOP OF THE SYRO-MALABAR CHURCH

മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി
എറണാകുളം അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്

The Syro-Malabar Major Archiepiscopal Curia
Mount St. Thomas, P.B.No. 3110, P.O. Kakkanad, Kochi – 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235; Fax: (0484) 2422727. E-mail: majorarchbishop@gmail.com, Website:www.syromalabarchurch.in